# Mathrubhumi

# 22 August 2018

# Kochi, After Flood, Flood Victims, Widespread Damage



## വെള്ളത്തെ പേടിച്ച് പണിത വീടും വെള്ളമെടുത്തു

നനഞ്ഞ പുസ്തകങ്ങൾ രോഷ്നി വെയിലത്ത് ഉണക്കുന്നു

**കെ.ആർ. അമൽ**
കൊച്ചി

▸ മഴയത്ത് വീട്ടിൽ വെള്ളം കയറുന്നതിനാലാണ് വെളിയത്തുനാട് ചെറുവള്ളം വീട്ടിൽ രാജപ്പൻ വീഴാറായ തൻെറ ഓടിട്ട വീട് പൊളിച്ച് സമീപത്ത് വാർക്കവീട് പണിതത്. എന്നാൽ സുരക്ഷയ്ക്കായി പണിത പുതിയ വീട് വെള്ളം കൊണ്ടു പോയി. വീടിൻെറ തേപ്പുപോലും നടന്നിട്ടില്ല. കടം വാങ്ങിയും മിച്ചം വെച്ച പണം കൂട്ടിയുമൊക്കെയാണ് വീടുപണി തുടങ്ങിയത്. ഓടിട്ട വീട്ടിൽ മഴയത്ത് വെള്ളം കയറി കിടക്കാൻ കഴിയാത്ത സ്ഥിതി വന്നതോടെ പണി തീരാത്ത വീട്ടിലേക്ക് താമസം മാറ്റിയിരുന്നു. പുതിയ വീട്ടിലേക്ക് മാറി എട്ട് മാസമാകുന്നതേയുള്ളൂ. വീട്ടിലെ സകല വസ്തുക്കളും പ്രളയം കൊണ്ടുപോയി.

സിമൻറ് തേച്ചിട്ടില്ലാത്തതിനാൽ വീടിൻെറ ഭിത്തികൾ കുതിർന്നിട്ടുണ്ട്. കയറിക്കിടക്കാൻ മറ്റൊരു വീടില്ലാത്തതിനാൽ ക്യാമ്പിൽനിന്ന് പോരാനുള്ള ദിവസം എണ്ണി കഴിയുകയാണ് ഈ കുടുംബം.

പ്ലസ് ടുവിന് പഠിക്കുന്ന മകൾ രോഷ്നിയുടെ പുസ്തകങ്ങളും സർട്ടിഫിക്കറ്റുകളുമടക്കം എല്ലാമുങ്ങിക്കുതിർന്നു. അഴുകിയ നിലയിലുള്ള പുസ്തകങ്ങൾ വെയിലത്തിട്ട് ഉണക്കാനുള്ള ശ്രമത്തിലാണ് രോഷ്നി. ചെളിവെള്ളം കോരി കൊണ്ടുവന്നാണ് വീട് കഴുകുന്നത്. നിറഞ്ഞ ചെളിയോടൊപ്പം ഇഴജന്തുകളും വീട്ടിൽ കയറിയിരുന്നു.

"അമ്മ കൊച്ചുപെണ്ണിന് 85 വയസ്സായി. പലവിധ രോഗങ്ങളുമുണ്ട്. വീട് തേച്ച് പണി പൂർത്തിയാക്കിയിട്ട് മകളുടെ കല്യാണത്തിനായി സ്വരുക്കൂട്ടണം എന്ന് വിചാരിച്ചതായിരുന്നു. എന്നാൽ എല്ലാം മഴ തകർത്തു" - രാജപ്പൻ പറഞ്ഞു. കൂലിപ്പണിക്കാരനായ രാജപ്പന് സമ്പാദ്യമായി ഒന്നുമില്ല. ബാധ്യതകളുടെയാണെങ്കിൽ ഒരു പട്ടിക തന്നെയുമുണ്ട്.

രാജപ്പനും ബന്ധുക്കളും രാവിലെ തുടങ്ങിയ വൃത്തിയാക്കൽ ജോലിയിൽ ഉച്ചയോടെ തളർന്നു. പലരെയും വിശപ്പ് വേട്ടയാടാൻ തുടങ്ങി. ക്യാമ്പ് വരെ നടക്കാനുള്ള ആരോഗ്യം ആർക്കുമില്ല. എവിടെ നിന്നെങ്കിലും ഭക്ഷണം കിട്ടുമോ എന്ന് അന്വേഷിച്ചിട്ട് വരാം - രാജപ്പൻെറ ഭാര്യ മല്ലിക, മകൾ രോഷ്നിയെയും കൂട്ടി പുറത്തേക്ക് നടന്നു...